കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# www.lfa.kerala.gov.in

## തകഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി1-320/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി. 06.06.2019

ഫോൺ – 0477 2252753

ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തകഴി ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : തകഴി ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തകഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി1-320/19 തിയതി : 06.06.2019

# ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ തകഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 21-05-2017 മുതൽ 31-12-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2017 മുതൽ 31-12-2018 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി. ഹരികുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |

.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 12-02-2019മുതൽ<br>25-02-2019 വരെ | ശ്രീ. ആർ രാജീവ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീ. വി. കെ. പുഷ്പരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീമതി. അംബിക ഷിബു | 01/04/2017 മുതൽ 31/03/2018 വരെ |

2. സെക്രട്ടറി

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. എസ്. ശ്രീകുമാർ, സെക്രട്ടറി | 01.04.2017 മുതൽ 22.05.2017 വരെ |
| 2 | ശ്രീ. പി. കെ. പത്മകുമാർ, ഹെഡ്ക്ലാർക്ക് (Addl.Charge) | 23/05/2017 മുതൽ 06/06/2017 വരെ |
| 3 | ശ്രീ. വൈ. ഫിലിപ്പ്, സെക്രട്ടറി | 07.06.2017 മുതൽ 31.03.2018 വരെ |

3. സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരുടെ പേര് വിവരം

| ക്രമ നം. | സ്റ്റാന്റിംഗ് കമ്മിറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. ജോമാ ബിജു | 01/04/2017 മുതൽ 31/03/2018 വരെ |
| 2 | വികസനം | ശ്രീമതി. റോസ്മിനി മാത്യു | 01/04/2017 മുതൽ 31/03/2018 വരെ |
| 3 | ആരോഗ്യം | ശ്രീമതി. മേരി സിൻഡ്രല | 01/04/2017 മുതൽ 31/03/2018 വരെ |
| 4 | ക്ഷേമം | ശ്രീ. പി. രഞ്ജിത്ത് | 01/04/2017 മുതൽ 31/03/2018 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| ക്രമ നം. | പേര് | കാലയളവ് | സ്ഥിര മേൽവിലാസം | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം |
|---|---|---|---|---|
| 1 | റെനി സെബാസ്റ്റ്യൻ. കെ.ജി, അസിസ്റ്റന്റ് എഞ്ചിനീയർ | 01/04/2017 - 24/10/2017 | കടവുങ്കൽ, അർത്തുങ്കൽ. പി. ഒ, ചേർത്തല | അസിസ്റ്റന്റ് എഞ്ചിനീയർ, ചേന്നംപള്ളിപ്പുറം |
| 2 | പ്രിയങ്ക. വി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | 25.10.2017 - 31.03.2018 | വൈജയന്ത്, TC 11/1665, ചറച്ചിറ, കവടിയാർ. പി. ഒ | അസിസ്റ്റന്റ് എഞ്ചിനീയർ, തകഴി |
| 3 | നീതു. എൽ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.04.2017 - 28.02.2018 | കുറ്റിച്ചിറയിൽ, ആര്യാട് (S). പി.ഒ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കഞ്ഞിക്കുഴി |
| 4 | നിള. എം, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.03.2018 - 31.03.2018 | ജോസ് വില്ല, കൈനകരി. പി.ഒ, ആലപ്പുഴ | ഐ.സി.ഡി.എസ്, നെടുമുടി |

| | | | | |
|---|---|---|---|---|
| 5 | മിനി. എം. ജോസഫ്<br>പി.ഡി. ടീച്ചർ (Addl.Charge) | 01/04/2017 - 10/05/2017 | മണലിപ്പറമ്പ്, ആനപ്രാമ്പാൽ (N). പി. ഒ, എടത്വ, ആലപ്പുഴ | പി. ഡി. ടീച്ചർ, തെന്നടി |
| 6 | റജീനാമ്മ ജോസഫ്, ഹെഡ് മിസ്ട്രസ്, ഗവ. എൽ.പി.എസ് | 11.05.2017 - 31.03.2018 | കൊച്ചുപുത്തൻപുരയ്ക്കൽ, കേളമംഗലം. പി. ഒ, തകഴി | ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ്, തെന്നടി |
| 7 | ഡോ. ശ്രീജ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01/04/2017 - 23/04/2017 | വില്ല ഡി അമോർ, ഗ്രീൻഗാർഡൻസ് ഹോസ്പിറ്റലിന് എതിർ വശം, മതിലകം, ചേർത്തല | മെഡിക്കൽ ഓഫീസർ, (ഹോമിയോ), തൃശ്ശൂർ |
| 8 | ഡോ. ജോഷ്മി പ്രതാപൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | 24.04.2017 - 31.03.2018 | പോട്ടയ്ക്കൽചിറ, മുഹമ്മ പി.ഒ, ആലപ്പുഴ | മെഡിക്കൽ ഓഫീസർ, (ഹോമിയോ), തകഴി |
| 9 | ഡോ. ഗോഡ്‌വിൻ സെൽവൻ, മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01.04.2017 – 07.07.2017 | റെയിൻബോ, സി.എസ്.ഐ ചർച്ചിന് സമീപം, കറ്റാനം, പരശ്ശുവൈയ്ക്കൽ. പി.ഒ, തിരുവനന്തപുരം | മെഡിക്കൽ ഓഫീസർ (ആയുർവേദം), പാറശ്ശാല, തിരുവനന്തപുരം |
| 10 | ഡോ. ധന്യ. സി, മെഡിക്കൽ ഓഫീസർ (ആയുർവേദം) | 08/07/2017 - 23/07/2017 | ഭദ്രം, പുന്നപ്ര നോർത്ത്.പി.ഒ, പുറക്കാട്, ആലപ്പുഴ 688014 | മെഡിക്കൽ ഓഫീസർ (ആയുർവേദം) പുറക്കാട് ഗ്രാമപഞ്ചായത്ത് |
| 11 | ഡോ. ഗീത, മെഡിക്കൽ ഓഫീസർ (ആയുർവേദം) | 24.07.2017 - 31.03.2018 | ചേലേക്കാട് ഹൗസ്, ചെക്കിടിക്കാട്. പി. ഒ, പച്ച, എടത്വ | മെഡിക്കൽ ഓഫീസർ (ആയുർവേദം) ആയുർവേദ ആശുപത്രി, തൃശ്ശൂർ |
| 12 | ഡോ. ബിജു. എസ്, വെറ്ററിനറി സർജൻ | 01/04/2017 - 18/06/2017 | ചിറങ്ങര ഹൗസ്, മേതല.പി.ഒ. എറണാകുളം .പി.ഒ | വെറ്ററിനറി സർജൻ അമ്പലപ്പുഴ നോർത്ത് ഗ്രാമ പഞ്ചായത്ത് |
| 13 | ഡോ. മോഹൻ തോമസ്, വെറ്ററിനറി സർജൻ | 19/06/2017 - 06/10/2017 | തുണ്ടയത്ത് വള്ളക്കാട്ടിൽ, ചെറുകോൽ. പി. ഒ, മാവേലിക്കര | വെറ്ററിനറി സർജൻ, നാരാണംമുഴി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട |
| 14 | ഡോ. അനീസ് ബഷീർ, വെറ്ററിനറി സർജൻ | 07.10.2017 - 31.03.2018 | ആറ്റുംപുറത്ത്, തേജസ് നഗർ 183, തട്ടറമല.പി.ഒ, കൊല്ലം | വെറ്ററിനറി സർജൻ, കൊല്ലം ജില്ല |
| 15 | ഡോ. സൗമ്യ ജോസഫ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01/04/2017 - 17/03/2018 | ചൂട്ടുപറമ്പിൽ, തയ്യിൽ, കരുവാറ്റ നോർത്ത് പി.ഒ, ആലപ്പുഴ | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി), തകഴി |

| | | | | |
|---|---|---|---|---|
| 16 | ഡോ. ശാന്തി ജയകുമാർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 18.03.2018 - 31/03/2018 | വാരാപ്പുഴ, കിടങ്ങറ.പി.ഒ, ആലപ്പുഴ 686102 | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി), നെടുമുടി |
| 17 | അനീഷ്. എം. എച്ച്, വി.ഇ.ഒ | 01.04.2017 - 31.03.2018 | മറുതാച്ചിക്കൽ ഗുരുമന്ദിരം, തിരുവമ്പാടി, ആലപ്പുഴ | വി.ഇ.ഒ ഗ്രേഡ് I, തകഴി |
| 18 | അജയകുമാർ. കെ. പി, വി.ഇ.ഒ | 01.04.2017 - 27.11.2017 | കാളാശ്ശേരി, കലവൂർ. പി.ഒ, ആലപ്പുഴ | വി.ഇ.ഒ, കഞ്ഞിക്കുഴി |
| 19 | റസിയാ ബീവി, വി.ഇ.ഒ | 20.03.2018 - 31.03.2018 | തോപ്പിൽ സനബൈത്ത്, പുന്നപ്ര.പി.ഒ, ആലപ്പുഴ | വി.ഇ.ഒ ഗ്രേഡ് II, തകഴി |
| 20 | സുജ. എം. എസ്, കൃഷി ഓഫീസർ | 01.04.2017 - 31.10.2017 | ശ്രീവില്ല, മുതുകുളം (S). പി.ഒ, ആലപ്പുഴ | കൃഷി ഓഫീസർ, പുറക്കാട് ഗ്രാമപഞ്ചായത്ത് |
| 21 | ആഷാ. എ. നായർ, കൃഷി ഓഫീസർ | 01/11/2017 - 31/03/2018 | ആശാ ഭവൻ, വെസ്റ്റ് ഗേറ്റ്, വൈക്കം. പി.ഒ, കോട്ടയം 686141 | കൃഷി ഓഫീസർ, ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് |
| 22 | സൽമാ ബീവി, DFI | 01.04.2017 - 30.11.2017 | മക്കാരുപറമ്പ്, നീർക്കുന്നം, വണ്ടാനം.പി.ഒ, ആലപ്പുഴ | ഡി.എഫ്.ഐ, അമ്പലപ്പുഴ ഗ്രാമപഞ്ചായത്ത് |
| 23 | സിനി. എസ്. നായർ, DFI | 01/12/2017 - 31/03/2018 | കറുകപ്പറമ്പിൽ, കരുമാടി.പി.ഒ, ആലപ്പുഴ | ഡി.എഫ്.ഐ, തകഴി ഗ്രാമപഞ്ചായത്ത് |

***ഉള്ളടക്കം***

| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| 1 | 1-1 മുതൽ 1-11 വരെ | പൊതു അവലോകനം |
| 2 | 2-1 | ഡി & ഒ ലൈസൻസ് ഫീസ്- അപാകങ്ങൾ |
| 3 | 2-2 | തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല |
| 4 | 2-3 | വസ്തുനികുതി നിർണ്ണയിക്കുന്നതിലെ അപാകങ്ങൾ |
| 5 | 3-1 | ശമ്പള കുടിശ്ശിക-പരിഷകരിച്ച നിരക്കിനനുസൃതമായ പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കിയില്ല. |
| 6 | 3-2 | അഡ്വാൻസ് നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല |
| 7 | 3-3 | പി.എച്ച്.സിക്ക് ലാബ് -ഉപകരണങ്ങൾ ലഭിച്ചിട്ടില്ല |
| 8 | 3-4 | വാട്ടർ അതോറിറ്റിക്ക് കുടിശിക നൽകൽ - വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. |
| 9 | 3-5 | രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല -ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. |
| 10 | 3-6 | തെരുവ് വിളക്ക് വാങ്ങൽ -സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല |
| 11 | 3-7 | നെൽകൃഷി വികസനം-രേഖകൾ ഹാജരാക്കിയില്ല. |
| 12 | 3-8 | യഥാസമയം കരാറിലേർപ്പെടാത്തവരിൽ നിന്നും ഫൈൻ ഈടാക്കിയില്ല. |
| 13 | 3-9 | സേവന നികുതി ക്രമപ്രകാരമല്ലാതെ ഈടാക്കി |

| | | |
|---|---|---|
| 14 | 3-10 | ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തി- ഒന്നിലധികം പ്രവർത്തികൾക്ക് ഒരേ കൺവീനർ. |
| 15 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 16 | അനുബന്ധം - 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 17 | അനുബന്ധം - 2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| അംഗീകരിച്ച തീയതി | 20.03.2017 |
| തീരുമാനം നം. | 1(1) |
| ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | 102,598000 |
| ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവ്. | 102,251000 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 21.05.2018 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കെ.എസ്.എ-എ.എൽ.പി-ജി.എ.4-1126(61)/2018 ), തീയതി. 06.07.2018 പ്രകാരം സർട്ടിഫിക്കറ്റ് നൽകി.

## 1-4 സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12852107 |
| വരവ് | 40997333 |
| ആകെ | 53849440 |
| ചെലവ് | 48222900 |
| നീക്കിയിരിപ്പ് | 5626540 |

## 1-5 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12302000 | 12302000 | 8663585 | 3638415 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5981346 | 5981346 | 4408286 | 1573060 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 53978 | 53978 | 0 | 53978 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 5028000 | 5028000 | 2408853 | 2619147 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 2897000 | 2897000 | 2695231 | 201769 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5690246 | 5690246 | 2606743 | 3083503 |
| കെ.എൽ.ജി.എസ്.ഡി.പി (State) | 0 | 766764 | 766764 | 497033 | 269731 |
| കെ.എൽ.ജി.എസ്.ഡി.പി (Central) | 0 | 2150596 | 2150596 | 2017886 | 132710 |
| ടോട്ടൽ സാനിറ്റേഷൻ | 571036 | 117907 | 688943 | 96460 | 592483 |
| റ്റി.എസ്.ബി (ജനറൽ പർപ്പസ്) | 6233785 | 8509032 | 14742817 | 14877397 | -134580 |
| റ്റി.എസ്.ബി(ജോയന്റ് വെഞ്ച്വർ) | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 83693 | 86627 | 172320 | 168030 | 2290 |
| ഡിസ്ട്രസ്സ് റിലീഫ് ഫണ്ട്. | 0 | 0 | 0 | 0 | 0 |
| ഇ-പേയ്മെന്റ് അക്കൗണ്ട്. | 0 | 13527 | 13527 | 24 | 13503 |
| എൻ.ആർ.ഇ.ജി.എസ് | 5330 | 21049426 | 21054756 | 21049426 | 108712 |
| തനത് ഫണ്ട് (ഡി.സി.ബി) | 5343464 | 7175807 | 12519271 | 7761938 | 4757333 |
| തനത് ഫണ്ട് (ക്യാഷ്) | 67495 | 15276 | 82771 | 67495 | 15276 |
| കുട്ടനാട് പാക്കേജ് | 547304 | 12219 | 559523 | 288000 | 271523 |
| ബി-ഫണ്ട് | 0 | 127480 | 127480 | 127480 | 0 |

## 1-6 പദ്ധതി അവലോകനം

| മേഖല | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|---|
| ഉത്പാദനം | 24 | 5579988 | 11 | 4170609 | 0 | 13 | 74.74 |
| സേവനം | 56 | 26189851 | 40 | 14292231 | 0 | 16 | 54.57 |
| പശ്ചാത്തലം | 94 | 18433194 | 40 | 8032040 | 0 | 55 | 43.57 |
| ആകെ | 174 | 50203330 | 91 | 26494880 | | 83 | 52.78 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5330 | 1641841 | 1647171 | 1538459 | 108712 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 19407585 | 19407585 | 19510967 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 63480 | 108 |
| കർഷകതൊഴിലാളി പെൻഷൻ | 13252900 | 1390 |
| വിധവാപെൻഷൻ | 6064400 | 560 |
| വാർദ്ധക്യകാലപെൻഷൻ | 10682000 | 1212 |
| വികലാംഗപെൻഷൻ | 2587200 | 221 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 227800 | 29 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-9 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.02.2019, 3 പി. എം. ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 27547/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ നൽകൽ മെച്ചപ്പെടുത്തുന്നതിനുമായി നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് സമിതി പ്രവർത്തനങ്ങൾ സജീവമല്ല. ഫ്രണ്ട് ഓഫീസിൽ പണം സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് നടപ്പാക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. വളരെയധികം തപാലുകൾ തീർപ്പാക്കൽ അവശേഷിക്കുന്നതായി സൂചികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിവിധ വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്തിട്ടില്ല.ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ആഭ്യന്തര നിയന്ത്രണം കൃത്യമാക്കുന്നതിനായി ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/01/2019 | 12/2018 | 6/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26/02/2018<br>സപ്ലിമെന്ററി ഓഡിറ്റ് 26/02/2018 | 2012-13-2016-17 | 26/02/2018<br>26/02/2018 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് ഫീസ്- അപാകങ്ങൾ

തകഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഡി & ഒ ഫീസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതു പ്രകാരം താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

1. 1996 ലെ പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾ,ഫാക്ടറികൾ എന്നിവക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ, നീതി മെഡിക്കൽ സ്റ്റോർ (പട്ടിക ക്രമ നം-149) പാരാമെഡിക്കൽ, ലാബുകൾ (ക്രമ നം-143) അബ്കാരി ഷോപ്പുകൾ (ബിവറേജസ് കോർപ്പറേഷൻ ഔട്ടലെറ്റ്) (കള്ളുഷാപ്പ്) (ക്രമ നം-139), പാൽ സൊസൈറ്റികൾ (ക്രമ നം-132), ഫോട്ടോകോപ്പി, കംപ്യൂട്ടർ ടൈപ്പ് റൈറ്റിംഗ് വർക്ക് നടത്തുന്ന സ്ഥാപനങ്ങൾ (ക്രമ നം-127) വാഹന റിപ്പയറിംഗ് (ക്രമ നം-145) എന്നിങ്ങനെയുള്ള വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നില്ല. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനെതിരെ നടപടികള് സ്വീകരിച്ചതായും വിവരങ്ങൾ ലഭ്യമല്ല.

2. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കാതെയും ബിസിനസിന്റെ സ്വഭാവപ്രകാരം കുറഞ്ഞ തുക മാത്രം ഫീസ് നൽകിയുമാണ് പ്രവർത്തിക്കുന്നത്. ആലപ്പുഴ ജില്ലയിലെ വിവിധ തദ്ദേശസ്ഥാപനങ്ങളിൽ വാർഷിക പദ്ധതികളുടെ ഭാഗമായി കൃഷി, മൃഗ സംരക്ഷണ മേഖലയിൽ വലിയ കരാറുകൾ ഏറ്റെടുത്തു നടത്തുന്ന എഗ്ഗർ നഴ്സറി എന്ന സ്ഥാപനത്തിൽ നിന്നും 100 രൂപ മാത്രമാണ് ലൈസൻസ് ഫീസായി ഈടാക്കിയിട്ടുള്ളത്. ഗോഡൗൺ, സിമന്റ് വ്യാപാരം, മെഡിക്കൽ ഷോപ്പ്, ചായക്കട, ബേക്കറി, ബിൽഡിംഗ് മെറ്റീരിയൽസ്, കോഴി ഫാം, ടെക്സ്റ്റൈൽസ്, ചെറുകിട ഫാക്ടറികൾ, മില്ലുകൾ എന്നിങ്ങനെ വിവിധ തരം വ്യാപാരങ്ങളിൽ നിന്നും സ്ഥാപനത്തിന്റെ മുതൽമുടക്ക്, വിറ്റുവരവിന്റെ തോത് എന്നിവ പരിഗണിക്കാതെ ഒരേ നിരക്കിലാണ് ഭൂരിഭാഗം സ്ഥാപനങ്ങളിൽ നിന്നും ഫീസായി ഈടാക്കിയിട്ടുള്ളത്. വർഷങ്ങളായി ഈടാക്കിവരുന്ന അതേ നിരക്കിലുള്ള ഫീസ് തന്നെയാണ് സ്ഥാപനങ്ങളുടെ വിറ്റുവരവിലെ ആനുപാതിക വർദ്ധന കണക്കിലെടുക്കാതെ ഈടാക്കിയിട്ടുള്ളത്.
3. പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കുന്ന D&O ലൈസൻസ് രജിസ്റ്ററിൽ ബിസിനസ് സ്ഥാപനങ്ങളുടെ പേര് രേഖപ്പെടുത്താതെ പകരം ഉടമയുടെ പേര് വിവരം, സ്ഥിര മേൽവിലാസം എന്നിവയാണ് ചേർത്തിട്ടുള്ളത്. 2017-18 ൽ ലൈസൻസിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള 122 സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്. അതുമൂലം ആകെ ബിസിനസ് സ്ഥാപനങ്ങൾ, ഓരോ വർഷവും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച കൃത്യമായ വിവരശേഖരണം, തുടർനടപടികൾ എന്നിവ സാധ്യമാകുന്നില്ല. സ്ഥാപനങ്ങളുടെ വിശദവിവരങ്ങളും നടത്തുന്ന ബിസിനസ്, വിറ്റുവരവ് എന്നിവ സംബന്ധിച്ച അപേക്ഷയിലെ വിവരങ്ങളും പരിശോധിക്കുവാൻ സാധിക്കുന്നില്ല.
4. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലഭ്യമാക്കിയിട്ടില്ല.
5. പല സ്ഥാപനങ്ങളും ലൈസൻസിനുള്ള അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. ദിവസേനയുള്ള വിറ്റുവരവ് പോലുള്ള വിവരങ്ങൾ പല അപേക്ഷകളിലും രേഖപ്പെടുത്തുന്നില്ല. ഇക്കാര്യം പരിശോധിക്കാതെയാണ് ലൈസൻസ് അനുവദിക്കുന്നത്. വാർഡ് അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും പേര്, ചെയ്യുന്ന വ്യാപാരം/ വ്യവസായം/ മറ്റ് പ്രവർത്തനങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ, കെട്ടിട നം., ഉടമയുടെ പേര്, സ്ഥാപനം നടത്തുന്ന വ്യക്തിയുടെ പേര്, ഈടാക്കുന്ന ഫീസ്, തൊഴിൽ നികുതി എന്നിവയടങ്ങിയ സമഗ്രമായ ഒരു ലിസ്റ്റ് തയ്യാറാക്കുന്നത് നികുതി, ഫീസ് എന്നിവ വർദ്ധിപ്പിക്കുന്നതിനും വരുമാന ചോർച്ച ഇല്ലാതാക്കുന്നതുമാണ്.

മേൽ അപാകതകൾ പരിഹരിച്ച് എല്ലാ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല

തകഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി വരവ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പത്രികകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചത് പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം | ആകെ |
|---|---|---|---|
| സർവീസ് കോ. ബാങ്ക് 958 | 1250 | 1250 | 2500/- |
| ബിവറേജസ് കോർപ്പറേഷൻ | 1250 | 1250 | 2500 |
| കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് | 1250 | 1250 | 2500/- |
| വിജയാ ബാങ്ക്, തകഴി | N.A | 1250 | 1250/- |

ഈയിനത്തിലായി 2017-18 ൽ ലഭിക്കേണ്ട 8,750/- രൂപയുടെ വരുമാനം ലഭിച്ചിട്ടില്ല.

2. തൊഴിൽ നികുതി ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പത്രികകൾ, രജിസ്റ്ററുകൾ എന്നിവയനുസരിച്ച് താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധ വർഷം |
|---|---|---|
| തകഴി ദേവസ്വം | തുക ഒടുക്കി (12500) | ഇല്ല |
| പോസ്റ്റ് ഓഫീസ്, ചിറയകം | തുക ഒടുക്കി (450) | ഇല്ല |
| പോസ്റ്റ് ഓഫീസ്, കേളമംഗലം | ഇല്ല | ഇല്ല |
| പോസ്റ്റ് ഓഫീസ്, ചെക്കിടിക്കാട് | ഇല്ല | ഇല്ല |

3. കരാർ / താത്കാലിക ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിൽ കരാർ/ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള സി.ഡി.എസ് അക്കൗണ്ടന്റിനും പഞ്ചായത്തിലെ അംഗൻവാടി വർക്കർ, ഹെൽപ്പർമാർ പോലുള്ള ജീവനക്കാർക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കുകളിൽ വേതനം നൽകുന്നുണ്ട്. എന്നാൽ രണ്ട് അർദ്ധവർഷത്തെയും തൊഴിൽ നികുതി ഇവരിൽ നിന്നും ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രേത്യേകിച്ച് സ്കൂളുകളിലും സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ കരാർ, ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചുവരുന്നുണ്ട്. നിലവിലെ മിനിമം വേതന നിരക്കുകളും സർക്കാർ സ്ഥാപനങ്ങളിലെ കരാർ,ദിവസ വേതന നിരക്കുകളും തൊഴിൽ നികുതി സ്ലാബുകളിലെ വരുമാന പരിധിയിൽ പെടുന്നതിനാൽ ഇവരിൽ നിന്നും നിയമാനുസൃത നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്.

തൊഴിൽ നികുതി കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും നിയമാനുസൃത പലിശ സഹിതം കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി നിർണ്ണയിക്കുന്നതിലെ അപാകങ്ങൾ

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം തകഴി പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപനത്തിൽ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 45/- രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ ഉള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 70/- രൂപയും 200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 90/- രൂപയുമാണ്. ഗ്രാമപഞ്ചായത്തിൽ ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള ഒരു കെട്ടിടത്തെ വിവിധ മുറികളായി മാത്രം കണക്കാക്കി നികുതി ഈടാക്കുന്നതുമൂലം പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന നികുതി വരുമാനത്തിൽ വലിയ കുറവ് വന്നിട്ടുണ്ട്. 100 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലായി നിരവധി കടകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിലെ ഓരോ കടമുറികൾക്കും വൈദ്യുതി കണക്ഷൻ എടുക്കുന്നതിനായി പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടങ്ങളുടെ ഉടമസ്ഥത, ഉപയോഗക്രമം എന്നിവ ഒന്നുതന്നെയായതിനാൽ ഇവയുടെ വസ്തുനികുതി കെട്ടിടത്തിന് ഒന്നാകെയുള്ള വിസ്തീർണ്ണത്തിന് ബാധകമായ നിരക്കിൽ കണക്കാക്കുകയാണ് വേണ്ടത്. 100 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള ഒരു കെട്ടിടത്തിന് ഈ മൊത്ത വിസ്തീർണ്ണത്തിന് ബാധകമായ ചതുരശ്ര മീറ്ററിന് 70 രൂപ എന്ന നിരക്കിൽ നിശ്ചയിക്കുന്നതിനുപകരം ഓരോ കടമുറികൾക്കും പ്രത്യേകം വിസ്തീർണ്ണാടിസ്ഥാനത്തിൽ നികുതി കണക്കാക്കി വരുകയാണ്. 2011 മുതൽ പുതുക്കിയ നിരക്കിൽ നികുതി നിർണ്ണയിച്ച പല പുതിയ കെട്ടിടങ്ങളിലും ഇപ്രകാരമുള്ള കുറവ് വന്നിട്ടുള്ളതിനാൽ പലമുറികളായി നമ്പരിട്ട ഒരേ ഉടമയുടെ കെട്ടിടങ്ങളുടെ നികുതി പുനഃപരിശോധിച്ച് കൃത്യമായ നികുതി ഈടാക്കേണ്ടതാണ്.നികുതി കുറവ് നിശ്ചയിച്ച ഏതാനും ഉദാഹരണങ്ങൾ

ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | പേരും അഡ്രസ്സും, | ആകെ തറ വിസ്തീർണ്ണം (ച.മീ) | വർദ്ധന (%) | ഈടാക്കിയ വസ്തു നികതി | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികതി | ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|---|---|
| 5/190 A-G | പുരുഷോത്തമക്കുറുപ്പ് & ചന്ദ്രാമ്മ, സുരേഷ് വില്ല, തകഴി | 154.15 | - | 6937/- (ഇളവ്, സെസ് എന്നിവ ഒഴികെ) | (=154.15*70=10791 (ഇളവ്, സെസ് എന്നിവ ഒഴികെ) | 3854/- |
| 8/394 A, B | ശശികല, ശശികലാലയം, തകഴി | 215.16 | 20% (റോഡ് 5മീറ്ററിൽ കൂടുതൽ) | 15061/- (വർദ്ധനവ്, സെസ് എന്നിവ ഒഴികെ) | 19,364/-(215.16*90) വർദ്ധനവ്, സെസ് എന്നിവ ഒഴികെ) | 4303/- |
| 9/A-T (20 rooms) | ജോസഫ് ജോസഫ് & മറിയാമ്മ ജോസഫ് തെക്കേത്തലക്കൽ, ചെക്കിടിക്കാട് | 433.78 | 20% (റോഡ് 5മീറ്ററിൽ കൂടുതൽ) | 19520/- (വർദ്ധനവ്, ഇളവ്, സെസ് എന്നിവ ഒഴികെ) | 39040/- (433.78*90) വർദ്ധനവ്, ഇളവ്, സെസ് എന്നിവ ഒഴികെ) | 19520/- |
| | | | | ആകെ | | 27,677 |

20.02.2019 ലെ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ 2 പേരിൽ നിന്നും നികുതി ഈടാക്കിയതായി അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നും നികുതി ഈടാക്കിയതിലെ പിഴവ് കാര്യമാത്ര പ്രസക്തമാണെന്ന വ്യക്തം. വസ്തുനികുതി നിർണ്ണയങ്ങൾ പരിശോധിച്ച്, നിശ്ചയിച്ചിട്ടുള്ള വസ്തുനികുതിയിൽ ഈ വിധം കുറവ് വന്നിട്ടുള്ളവ പരിഹരിക്കുന്നതിന് നടപടികൾ ചട്ടങ്ങൾക്കും, സർക്കാർ നിർദ്ദേശങ്ങൾക്കും അനുസൃതമായി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ശമ്പള കുടിശ്ശിക-പരിഷ്കരിച്ച നിരക്കിനനുസൃതമായ പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കിയില്ല.

വൗച്ചർ നം. 21700013, തീയതി - 04.04.2017, തുക – 126444/- രൂപ
വൗച്ചർ നം. 21700014, തീയതി - 04.04.2017 തുക – 9844/- രൂപ
വൗച്ചർ നം. 21700490, തീയതി – 18.12.2017 തുക – 126683/- രൂപ

സ.ഉ (പി) 7/2016/ഫിൻ, തീയതി - 20.01.2016 പ്രകാരം സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി നല്കുന്നതിനും ഉത്തരവായിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 (1) പ്രകാരം പരിഷ്കരിച്ച ശമ്പളത്തിനനുസൃതമായ പെൻഷൻ കോൺട്രിബ്യൂഷൻ 01.07.2014 മുതൽ ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിരിക്കുന്നു. തകഴി ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം 01.07.2014 മുതൽ പ്രാബല്യത്തിൽ പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ മേൽ വൗച്ചറുകൾ പ്രകാരം അനുവദിച്ച് നല്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ഇപ്രകാരം പരിഷ്കരിച്ച ശമ്പള കുടിശ്ശിക അനുവദിച്ച ജീവനക്കാരുടെ പുതുക്കിയ ശമ്പളത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടച്ചിട്ടില്ല. പരിഷ്കരിച്ച ശമ്പളത്തിനനുസൃതമായ പെൻഷൻ കോൺട്രിബ്യൂഷൻ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം. 13, തീയതി – 20.02.2019) മറുപടി ലഭ്യമാക്കിയില്ല.

## 3-2 അഡ്വാൻസ് നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല

തകഴി ഗ്രാമപഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ ആശുപത്രിക്ക് മരുന്നുവാങ്ങൽ, പാലിയേറ്റീവ് പരിചരണം എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട് മരുന്ന വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 1,01,349/- രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ ഇതുപ്രകാരം ആശുപത്രിക്ക് മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | | ബിൽ നം. | പ്രഫോർമ നം | തുക | ലഭിച്ച മരുന്നുകൾ |
|---|---|---|---|---|---|
| 1 | ആശുപത്രിക്ക് മരുന്നുവാങ്ങൽ പ്രോജക്ട് നം-207/18 | 1/17-18, dt - 20.10.17 | PRF 1050 10.10.2017 | 71,349/- | 58,129/- |
| 2 | പാലിയേറ്റീവ് പരിചരണം പ്രോജക്ട് നം-175/18 | 02/17-18, dt – 20.10.17 | PRF 1259 10.10.2017 | 30,000/- | 0 |
| | ആകെ | | | 101349 | 58,129/- |

ഈ വർഷത്തെ പദ്ധതികൾ പ്രകാരം നൽകിയ അഡ്വാൻസ് തുകയിൽ ബാക്കി ലഭിക്കാനുള്ള 43220/- രൂപയുടെ മരുന്നുകളുടെ വില തടസ്സപ്പെടുത്തുന്നു. ഇത് ഉടൻ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 പി.എച്ച്.സിക്ക് ലാബ് -ഉപകരണങ്ങൾ ലഭിച്ചിട്ടില്ല

പ്രോജക്ട് നം. - 87/18
ബിൽ നം. - 06/17-18, Rs. 102295/-, c/o 20.02.2018
ബിൽ നം. - 06/17-18, Rs. 25669/-, c/o 28.03.2018

2017-18 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ പി.എച്ച്.സിക്ക് ലാബ് എന്ന പദ്ധതി പ്രകാരം സെമി ബയോകെമിസ്ട്രി അനലൈസർ, ബൈനോക്കുലർ മൈക്രോസ്കോപ്പ്, ഇൻകുബേറ്റർ ലാബ് എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിന് 09/02/18 ലെ പ്രഫോർമ 207/2018 പ്രകാരം 1,02,295/- രൂപ 20.02.2018ൽ കെ.എം.എസ്.സി.എല്ലിന് നൽകിയിരുന്നു. ഇൻവോയ്സ് പ്രകാരം പരമാവധി 6 ആഴ്ചകളള്ളിൽ ഉപകരണങ്ങളുടെ വിതരണം ഉറപ്പ് നല്കിയിരുന്നു. എന്നാൽ ഉപകരണങ്ങൾ ലഭ്യമായത് സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങൾ സമയബന്ധിതമായി ലഭിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങളും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതേ പദ്ധതി പ്രകാരം ആർട്ട്കോയിൽ നിന്നും സ്റ്റീൽ കാബിനറ്റ്, സ്റ്റീൽ ടേബിൾ, റിവോൾവിംഗ് സ്റ്റൂൾ (ഒന്ന് വീതം) S type Arm Chair – 2 എന്നിങ്ങനെ 25,669/- രൂപയുടെ ഫർണ്ണീച്ചറുകൾ വാങ്ങിയിരുന്നു. എന്നാൽ വാങ്ങിയ രണ്ട് "S type Arm Chair" കളിൽ ഒരെണ്ണം മാത്രമാണ് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം നടത്തിയിട്ടുള്ളത്. ഈ രണ്ട് ചെയറുകളും ലഭിച്ചതായും ഇവ വിതരണം നടത്തിയിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അഡ്വാൻസ് നൽകി നാളിതുവരെയായിട്ടും ലാബ് ഉപകരണങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ 102295/- രൂപ തടസ്സം ചെയ്യുന്നു. ലാബ് ഉപകരണങ്ങൾ

ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 4, 19.02.2019) ക്ക് നൽകിയ മറുപടിയിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

## 3-4 വാട്ടർ അതോറിറ്റിക്ക് കുടിശ്ശിക നൽകൽ - വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | ചെലവ് തുക | ബിൽ നം./തീയതി |
|---|---|---|---|
| 91 | വാട്ടർ അതോറിറ്റിക്ക് വാട്ടർ ചാർജ് നൽകൽ | 9,50,000/-<br>50,000/-<br>6,64,068/- | 4/14.7.2017<br>20/22.2.2018<br>28/31.3.2018 |
| | ആകെ | 16,64,068/- | |

2018 മാർച്ച് 31 ന് വാട്ടർ അതോറിറ്റിയിൽ 1,84,50,524/- രൂപ വാട്ടർ ചാർജ് കുടിശ്ശികയായി നില നിൽക്കുന്നു. തൻവർഷം 16,64,068/- രൂപ ഒടുക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ തുക ഒടുക്കുന്നതിന് മുൻപുള്ള ഡിമാന്റ് നോട്ടീസ് ഹാജരാക്കാത്തതിനാൽ ഒടുക്കിയ തുക കുറച്ചുള്ള തുകയാണോ മാർച്ച് മാസം ഡിമാന്റ് ചെയ്തിരിക്കുന്നത് എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. മാത്രമല്ല തുക വാട്ടർ അതോറിറ്റിയിൽ ഒടുക്കിയതിന്റെ രസീതും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദാംശങ്ങൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല -ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തൻവർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ തുക ഒടുക്കിയ രസീത്, വിനിയോഗ സാക്ഷ്യപത്രം, എന്നിവ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം. | പ്രൊജക്ടിന്റെ പേര് | ചെലവ് തുക | ബിൽ നം/തീയതി | പരാമർശം |
|---|---|---|---|---|---|
| 1 | 183 | പഞ്ചായത്ത് കോൺഫറൻസ് ഹാൾ, വായനശാല വയറിംഗ് | 2,00,000<br>57932<br>13038 | 17/17.1.2018<br>18/17.1.2018<br>ചെക്ക് നം. TSC 915738, തീയതി – 16.01.2018 | പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിൽ തുക ഒടുക്കിയെങ്കിലും വിനിയോഗ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല |
| 2 | 208 | കടി വെള്ള പൈപ്പ് ദീർഘിപ്പിക്കൽ | 74000 | 10/31.10.2017 | രസീത്, വിനിയോഗ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. |
| 3 | 240 | പഞ്ചായത്ത് മുകൾനില നെറ്റ് വർക്കിംഗ് | 73790 | 27/31.3.2018 | പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് വിഭാഗത്തിൽ തുക ഒടുക്കിയെങ്കിലും വിനിയോഗ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല |
| | | ആകെ | 4,18,760 | | |

വിശദാംശങ്ങൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 തെരുവ് വിളക്ക് വാങ്ങൽ -സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

അടങ്കൽ - 3,00,000/-

ചെലവ് - 1,29,080/- (ബിൽ നം. 19, തീയതി – 30.1.2018 )

1,23,350/- (ബിൽ നം. 31/ തീയതി.31.3.2018 )

ആകെ ചെലവ് - 2,52,430/- രൂപ

തെരുവ് വിളക്ക് വാങ്ങൽ എന്ന പ്രൊജക്റ്റ് പ്രകാരം (പ്രോജക്റ്റ് നം.74) തൻവർഷം 2,52,430/-രൂപയുള്ള തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. ഇപ്രകാരം വാങ്ങിയ സാധനങ്ങൾ പുതിയ സ്റ്റോക്ക് രജിസ്റ്ററിലാണ് എഴുതി ചേർത്തിരിക്കുന്നത്. മുൻവർഷത്തെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഏതെല്ലാം സാധനങ്ങൾ മുൻവർഷം ബാക്കി നിൽക്കുന്നു എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വാങ്ങലിന്റെ ആവശ്യകത ഓഡിറ്റിൽ ബോധ്യപെടുത്തിയിട്ടില്ല. മുൻവർഷത്തെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-7 നെൽകൃഷി വികസനം-രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്റ്റ് നം. - എസ്005/18

പ്രോജക്ടിന്റെ പേര് - നെൽകൃഷി വികസനം

അടങ്കൽ: വികസന ഫണ്ട് - 2411488/- രൂപ

ചെലവ് - 21,00,000/- രൂപ

1. ട്രഷറി ബിൽ നം. 1, തീ. 24.10.2017- 10,00,000/- രൂപ
2. ട്രഷറി ബിൽ നം. 2, തീ. 30.01.2018- 11,00,000/- രൂപ)

നെൽകൃഷി വികസനം എന്ന പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം 21,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ആവശ്യത്തിലേക്കായി വിവിധ പാടശേഖര സമിതികൾക്ക് നെൽവിത്ത് വിതരണം ചെയ്തതിന്റെ വിലയിനത്തിൽ കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിക്ക് തുക നല്കുന്നതിനായാണ് മേൽ ട്രഷറി ബിൽ പ്രകാരമുള്ള തുകകൾ ചെലവഴിച്ചിരിക്കുന്നത്. ഇപ്രകാരം വാങ്ങിയ നെൽവിത്തുകൾ കൃഷിഭവന്റെ സ്റ്റോക്കിലെടുത്ത് അതത് പാടശേഖര സമിതികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പാടശേഖര സമിതികൾ നെൽവിത്ത് കർഷകർക്ക് വിതരണം ചെയ്തതിന്റെ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിൽ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും രേഖകൾ ഹാജരാക്കുകയോ, മറുപടി ലഭ്യമാക്കുകയോ ഉണ്ടായില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 യഥാസമയം കരാറിലേർപ്പെടാത്തവരിൽ നിന്നും ഫൈൻ ഈടാക്കിയില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാനവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised as per G.O.(P) No. 13/2012/PWD തീയതി : 01.02.2012) സെക്ഷൻ 2009.6 പ്രകാരം പ്രവൃത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണെന്നും അതിനു ശേഷം വരുന്ന 10 ദിവസം കരാറുകാരനിൽ നിന്നും കരാർ തുകയുടെ 1% ഫൈൻ (കുറഞ്ഞത് 1000/- രൂപ, പരമാവധി 25,000/-രൂപ) വാങ്ങിക്കൊണ്ട് കരാർ വയ്ക്കാം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. തകഴി ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ കരാറുകാർ കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം വരുത്തിയിട്ടും കരാർ തുകയുടെ 1% പിഴ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | പ്രോജക്ട് നം. | 11/18 |
| | പ്രോജക്ടിന്റെ പേര് | എല്ലോറ മുതൽ ആറ്റു തീരം വരെ റോഡ് ടാറിംഗ് (വാർഡ് 2) |
| | നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| | കോൺട്രാക്ടറുടെ പേര് | ശ്രീ. പി. ടി. അപ്പച്ചൻ, പുതുപ്പറമ്പിൽ |
| | എഗ്രീഡ് പി.എ.സി | 299004/- രൂപ |
| | ചെലവ് | 294961/- രൂപ<br>ട്രഷറി ബിൽ നം. 29, തീ.12.03.2018 |
| | സെലക്ഷൻ നോട്ടീസ് തീയതി | 23.09.2017 |
| | എഗ്രിമെന്റ് നം. | 11/AE/LSGD/ തീ.24.10.2017 |
| | ഈടാക്കേണ്ടിയിരുന്ന ഫൈൻ | 299004x1% =2990/- രൂപ |
| 2. | പ്രോജക്ട് നം. | 64/18 |
| | പ്രോജക്ടിന്റെ പേര് | ശ്യാമാലയം മുതൽ പുത്തൻപറമ്പ് വരെ നടപ്പാത പുനരുദ്ധാരണം (വാർഡ്-3) |
| | നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| | കോൺട്രാക്ടറുടെ പേര് | ശ്രീ. കെ. കൃഷ്ണൻകുട്ടി, കളപ്പുരയ്ക്കൽ |
| | എഗ്രീഡ് പി.എ.സി | 47178/- രൂപ |
| | ചെലവ് | 44818/- രൂപ<br>തനത് ഫണ്ട് - ചെക്ക് നം. തീ. |
| | സെലക്ഷൻ നോട്ടീസ് തീയതി | 20.12.2017 |
| | എഗ്രിമെന്റ് നം. | 53/AE/LSGD/TKY തീ.19.03.2018 |
| | ഈടാക്കേണ്ടിയിരുന്ന ഫൈൻ | 47178x1%=1000/- രൂപ (മിനിമം) |

| | | |
|---|---|---|
| 3. | പ്രോജക്ട് നം. | 72/18 |
| | പ്രോജക്ടിന്റെ പേര് | പൂക്കളം മുതൽ ഗോപിയുടെ വീട് വരെ റോഡ് കോൺക്രീറ്റിംഗ് (വാർഡ് 10) |
| | നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| | കോൺട്രാക്ടറുടെ പേര് | ശ്രീ. കെ. കൃഷ്ണൻകുട്ടി, കളപ്പുരയ്ക്കൽ |
| | എഗ്രീഡ് പി.എ.സി | 293381/- രൂപ |
| | ചെലവ് | 290447/-രൂപ<br>ട്രഷറി ബിൽ നം. 15 തീ.11.01.2018 |
| | സെലക്ഷൻ നോട്ടീസ് തീയതി | 23.09.2017 |
| | എഗ്രിമെന്റ് നം. | 15/AE/LSGD/ തീ.28.10.2017 |
| | ഈടാക്കേണ്ടിയിരുന്ന ഫൈൻ | 293381x1% =2934/- രൂപ |
| 4. | പ്രോജക്ട് നം. | 100/18 |
| | പ്രോജക്ടിന്റെ പേര് | ഇന്ദിര ജംഗ്ഷൻ മുതൽ കിഴക്കോട്ട് റോഡ് ടാറിംഗ് (ഒന്നാം ഘട്ടം) വാർഡ് 11 |
| | നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| | കോൺട്രാക്ടറുടെ പേര് | ശ്രീ. രമേശ്. വി. ദേവ്, തൈഭാഗം ഹൗസ് |
| | എഗ്രീഡ് പി.എ.സി | 472000/- രൂപ |
| | ചെലവ് | 452830/-രൂപ<br>ട്രഷറി ബിൽ നം. 30 തീ.17.03.2018 |
| | സെലക്ഷൻ നോട്ടീസ് തീയതി | 27.02.2017 |
| | എഗ്രിമെന്റ് നം. | 19/AE/LSGD/ തീ.27.03.2017 |
| | ഈടാക്കേണ്ടിയിരുന്ന ഫൈൻ | 472000x1% =4720/- രൂപ |

| | | |
|---|---|---|
| 5. | പ്രോജക്റ്റ് നം. | 72/18 |
| | പ്രോജക്റ്റിന്റെ പേര് | വായനശാല മുതൽ ആറ്റുതീരം വരെ നടപ്പാത വാർഡ് 3 |
| | നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| | കോൺട്രാക്ടറുടെ പേര് | ശ്രീ. കെ. കൃഷ്ണൻകുട്ടി, കളപ്പുരയ്ക്കൽ |
| | എഗ്രീഡ് പി.എ.സി | 102024/- രൂപ |
| | ചെലവ് | 90123/- രൂപ<br>ട്രഷറി ബിൽ നം. 25 തീ.07.03.2018 |
| | സെലക്ഷൻ നോട്ടീസ് തീയതി | 23.09.2017 |
| | എഗ്രിമെന്റ് നം. | 14/AE/LSGD/ തീ.28.10.2017 |
| | ഈടാക്കേണ്ടിയിരുന്ന ഫൈൻ | 102024x1% =1020/- രൂപ |
| 6. | പ്രോജക്റ്റ് നം. | 72/18 |
| | പ്രോജക്റ്റിന്റെ പേര് | ചെമ്മുംതറ ആറ്റു തീരം റോഡ് പുനരുദ്ധാരണം (വാർഡ് 1) |
| | നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| | കോൺട്രാക്ടറുടെ പേര് | ശ്രീ. കെ. കൃഷ്ണൻകുട്ടി, കളപ്പുരയ്ക്കൽ |
| | എഗ്രീഡ് പി.എ.സി | 93913/- രൂപ |
| | ചെലവ് | 88182/-രൂപ<br>ട്രഷറി ബിൽ നം. 21 തീ.22.02.2018 |
| | സെലക്ഷൻ നോട്ടീസ് തീയതി | 23.09.2017 |
| | എഗ്രിമെന്റ് നം. | 13/AE/LSGD/ തീ.28.10.2017 |
| | ഈടാക്കേണ്ടിയിരുന്ന ഫൈൻ | 99913x1% =1000/- രൂപ (മിനിമം) |

മേൽ കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാതിരുന്നതു മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9, തീയതി : 20.02.2019) യഥാസമയം കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കുന്നതിന് വിട്ടു പോയതാണെന്നും തുക ഒടുക്കാൻ കരാറുകാർക്ക് കത്ത് നല്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. നഷ്ടത്തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. തുക കരാറുകാരിൽ നിന്നും ഈടാക്കാൻ സാധിക്കാത്ത പക്ഷം കരാർ വെച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിശ്ചയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 3-9 സേവന നികുതി ക്രമപ്രകാരമല്ലാതെ ഈടാക്കി

1994-ലെ ഫിനാൻസ് ആക്ട് ചാപ്റ്റർ V സെക്ഷൻ 66E (h) പ്രകാരം വർക്ക് കോൺട്രാക്ടിൽ ഉൾപ്പെടുന്ന സേവന ഭാഗത്തെ ഡിക്ലയേഡ് സർവ്വീസ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സേവനങ്ങൾക്ക് അതത് കാലം പ്രാബല്യത്തിലുള്ള നിരക്കിൽ സേവന നികുതി ഈടാക്കേണ്ടതാണ്. ധനകാര്യ മന്ത്രാലയത്തിന്റെ 20.06.2012ലെ 25/12 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം സേവന നികുതി ഒടുക്കുന്നതിൽ നിന്നും നിശ്ചിത സേവനങ്ങളെ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിലെ ക്രമ നം. 12 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുവാനായോ വ്യവസായ/ വാണിജ്യ ആവശ്യങ്ങൾക്കായോ പണികഴിപ്പിക്കുന്ന കെട്ടിടങ്ങൾ ഒഴികെ തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി നിർമ്മിച്ച നല്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വർക്ക് കോൺട്രാക്ടിലെ സേവനങ്ങളെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പിന്നീട് 01.03.2015-ലെ 06/2015 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം മേൽ നോട്ടിഫിക്കേഷനിലെ ഇനം-12-ലെ a,c,f എന്നിവയിൽ പറഞ്ഞിരിക്കുന്ന സേവനങ്ങളെ സേവന നികുതിയിൽ നിന്നും ഒഴിവാക്കിയത് ഡിലീറ്റ് ചെയ്യുകയുണ്ടായി. തുടർന്ന് 01.03.2016-ലെ 09/2016 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 25/2012-ലെ നോട്ടിഫിക്കേഷനിലെ ഇനം.12 ന് താഴെയായി 12A (a),(b),(c) എന്ന ഇനമായി മേൽ ഇനങ്ങൾ (സേവന നികുതി നല്കുന്നതിൽ നിന്നും ഒഴിവാക്കി) വീണ്ടും കൂട്ടിച്ചേർക്കുകയുണ്ടായി.

2017-18 സാമ്പത്തിക വർഷം തകഴി ഗ്രാമ പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന മരാമത്ത് പ്രവർത്തിയുടെ ബില്ലിൽ നിന്നും സേവന നികുതി ഇനത്തിൽ കോൺട്രാക്ടർക്ക് തുക നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം. | : | 122/18 |
| പ്രോജക്ടിന്റെ പേര് | : | പഞ്ചായത്ത് ഓഫീസിന് മുകൾ നില നിർമ്മാണം |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.സണ്ണി ഫിലിപ്പോസ് |
| ആകെ വേല മൂല്യം | : | 1212170/- |
| ചെലവ് | : | 1284235/-<br>ട്രഷറി ബിൽ നം. 7, തീ.13.10.2017 |
| എം.ബുക്ക് നം | : | 75/16-17, 76/16-17, 77/16-17 |
| അനുവദിച്ച സേവന നികുതി | : | 72730/- രൂപ |

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.11 തീ.20.02.2019) എസ്റ്റിമേറ്റിൽ തുക ഉൾപ്പെടുത്തിയതിനാലാണ് സേവന നികുതി നല്കിയതെന്ന് മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി പരിഗണനീയമല്ല.

തദ്ദേശ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുവാനായോ വ്യവസായ/വാണിജ്യ ആവശ്യങ്ങൾക്കായോ പണികഴിപ്പിക്കുന്ന കെട്ടിടങ്ങൾ ഒഴികെ തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി നിർമ്മിച്ചു നല്കുന്ന കെട്ടിടങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട വർക്ക് കോൺട്രാക്ടിലെ സേവനങ്ങളെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയ സാഹചര്യത്തിൽ സർക്കാർ ഫണ്ടിൽ നിന്നും സേവന നികുതി ഇനത്തിൽ നല്കിയ 72730/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരികെ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തി- ഒന്നിലധികം പ്രവർത്തികൾക്ക് ഒരേ കൺവീനർ.

തകഴി ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവർത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ തൻവർഷം വിവിധ വാർഡുകളിലായി നടപ്പാക്കിയ 4 പ്രവർത്തികളുടെ കൺവീനർ ഒരാൾ തന്നെയാണെന്ന് കാണുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | കൺവീനറുടെ പേര് | ചെലവ് |
|---|---|---|---|
| 1 | 129/18<br>പമ്പയാറു മുതൽ കിഴക്കോട്ട് മുക്കോടി വരെ തോട് ആഴം കൂട്ടൽ (വാർഡ്-4) | ബിനു.കെ.കളപുരയ്ക്കൽ | 47935/- രൂപ |
| 2 | 131/18<br>ഐവേലിക്കാട് വല്ലാറ്റുപറ തോട് ആഴംകൂട്ടൽ (വാർഡ്-4) | ബിനു.കെ.കളപുരയ്ക്കൽ | 4835/- രൂപ |
| 3 | 133/18<br>ആറാട്ട് തോട് മണ്ണും ചെളിയും നീക്കം ചെയ്ത് ആഴംകൂട്ടൽ(വാർഡ്-6) | ബിനു.കെ.കളപുരയ്ക്കൽ | 185117/-രൂപ |
| 4 | 141/18<br>മുക്കടതോട് ആഴംകൂട്ടൽ (വാർഡ്-10) | ബിനു.കെ.കളപുരയ്ക്കൽ | 91833/- രൂപ |

മേൽ പ്രവൃത്തികളിൽ ക്രമ നം.1 മുതൽ 4 വരെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 03.11.2017-ലെ E3-12340/17/CE/LSGD നമ്പർ സർക്കുലർ പ്രകാരം ബിനാമി വർക്കുകൾ തടയുന്നതിനായി ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവർത്തികൾ ഗുണഭോക്തൃ സമിതി തന്നെയാണ് നടത്തുന്നതെന്ന് കരാർ വെയ്ക്കുന്ന തദ്ദേശ ഭരണ ഉദ്യോഗസ്ഥർ തന്നെ ഉറപ്പു വരുത്തണമെന്ന് പറഞ്ഞിരിക്കുന്നു. വിവിധ വാർഡുകളിലായി നിർവ്വഹിക്കപ്പെട്ട ഒന്നിലധികം പ്രവർത്തികൾക്ക് ഒരേ കൺവീനറെ ചുമതലപ്പെടുത്തിയതിലൂടെ നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ ബിനാമി വർക്കുകൾക്കുള്ള സാഹചര്യം സൃഷ്ടിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇത് സംബന്ധിച്ച് മതിയായ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.10 തീ.20.02.2019) ടി കൺവീനർക്ക് ആ വാർഡുകളിൽ തോടിനോട് ചേർന്ന് നിലം ഉണ്ടെന്നും ആയത് പരിഗണിച്ചാണ് ടിയാളെ ഗുണഭോക്താവായി പരിഗണിച്ച് കരാർ ഉടമ്പടിയിൽ ഏർപ്പെട്ടതെന്ന് മറുപടി ലഭ്യമാക്കി. ഒന്നിലധികം പ്രവർത്തികൾക്ക് ഒരേ കൺവീനറെ നിശ്ചയിച്ചത് ക്രമപ്രകാരമുള്ള നടപടിയല്ല. ഇത് സംബന്ധിച്ച് ഭരണതല അന്വേഷണം നടത്തി വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം പ്രവൃത്തികൾ ഒഴിവാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 125000 | സ്കോളർഷിപ്പ് ഭിന്നശേഷിക്കാർ | 125000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | മിൽക്ക് ഇൻസെൻറീവ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | പോക്ഷകാഹാരം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000+ OB-91614 | പാലിയേറ്റീവ് | 129096 | 62518 |
| ജില്ലാ പഞ്ചായത്ത് | 300000 | മിൽക്ക് ഇൻസെൻറിവ് | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 125000 | സ്കോളർഷിപ്പ് ഭിന്നശേഷിക്കാർ | 125000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| --ഇല്ല- | | | | |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

--ഇല്ല--

### 4-4 വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി | 869/2010 തി. 15.03.2010 | 9634500 | 627543 | 627543 | 0 | 0 |

### 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3(1) | 2500 | അരുൺ. എച്ച്, ടെക്നിക്കൽ അസിസ്റ്റന്റ്, തകഴി ഗ്രാമപഞ്ചായത്ത് | 117010102983 തീയതി – 12.02.2018 |
| 2016-17 | 3(1) | 2500 | അരുൺ. എച്ച്, ടെക്നിക്കൽ അസിസ്റ്റന്റ്, തകഴി ഗ്രാമപഞ്ചായത്ത് | 117010102669 തീയതി – 01.01.2018 |
| | ആകെ | 5000 | | |

## 4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

--ഇല്ല--

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം ഖണ്ഡിക നം. | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2002-03 | 3-26 (ഖ-7) | | ടോട്ടൽ സാനിട്ടേഷൻ ഫണ്ട് | അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി നൽകി |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,09,97,333 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,82,22,900 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 8,750 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 72,730 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 43,28,343 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-2 | 8750 | | ശ്രീ. വൈ. ഫിലിപ്പ്, സെക്രട്ടറി |
| 3-9 | | 72730 | ശ്രീ. റെനി സെബാസ്റ്റ്യൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 8750 | 72730 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 43,220 | ഡോ. സൗമ്യ ജോസഫ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-3 | 1,02,295 | |
| 3-4 | 16,64,068 | ശ്രീ. വൈ. ഫിലിപ്പ്, സെക്രട്ടറി |
| 3-5 | 4,18,760 | ശ്രീ. വൈ. ഫിലിപ്പ്, സെക്രട്ടറി |
| 3-7 | 10,00,000<br>11,00,000 | ശ്രീമതി. സുജ. എം. എസ്, കൃഷി ഓഫീസർ<br>ശ്രീമതി. ആഷ. എ. നായർ, കൃഷി ഓഫീസർ |
| ആകെ | 43,28,343 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം : ഇല്ല

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. റെനി സെബാസ്റ്റ്യൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | K G കടവുങ്കൽ, അർത്തുങ്കൽ. പി. ഒ, ചേർത്തല. |
| ശ്രീ. വൈ. ഫിലിപ്പ്, സെക്രട്ടറി, | സെക്രട്ടറി, തകഴി ഗ്രാമപഞ്ചായത്ത് | വട്ടുതല ഹൗസ്, ചേപ്പാട്. പി. ഒ |

| | | |
|---|---|---|
| ഡോ. സൗമ്യ ജോസഫ്,<br>മെഡിക്കൽ ഓഫീസർ, | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി തകഴി | ചൂട്ടുപറമ്പിൽതയ്യിൽ,<br>കരുവാറ്റ വടക്ക്. പി.ഒ |
| ശ്രീമതി. പ്രിയങ്ക വി. എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,തകഴി | വൈജയന്ത്, TC 11/1665, ചാരച്ചിറ,<br>കവടിയാർ. പി.ഒ |
| ശ്രീമതി. സുജ. എം. എസ്,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>പുറക്കാട് | ശ്രീവില്ല, മുതുകുളം സൗത്ത് പി.ഒ,<br>ആലപ്പുഴ |
| ശ്രീമതി. ആഷ. എ. നായർ<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>ചേന്നം പള്ളിപ്പുറം | ആശഭവൻ, വെസ്റ്റ് ഗേറ്റ്,<br>വൈക്കം പി.ഒ കോട്ടയം 686141 |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2004-05 വരെ | എൽ.എഫ്.ജിഎ5-1832/11, തീയതി. 21.3.12 |
| 2005-06 മുതൽ 2009-10 വരെ | എൽ.എഫ്.ജിഎ 51577/13, തീയതി.16.5.14 |
| 2010-11 & 2011-12 | എൽ.എഫ്.എ.പി.1/1491/13, തീയതി. 7.08.2013 |
| 2012-13 & 2013-14 | എൽ.എഫ്.എ.പി.1/1959/2014, തീയതി. 15.01.2015 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി.1-658/16, തീയതി. 4.07.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി.1-1483/16, തീയതി. 06.01.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി.1-614/17, തീയതി. 16.06.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - 1

നം. കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(61)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 06.07.2018

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തകഴി ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ